## പതിനാലാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4074 | 16.03.2017 ന് മറുപടിയ്ക്ക്.

**പാമ്പ് കടിയേറ്റ് മരിച്ച ബിജുവിന്റെ ആശ്രിതർക്ക് അനുവദിച്ച ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ ഗണേശമംഗലത്ത് പാമ്പ് കടിയേറ്റ് മരിച്ച ബിജുവിന്റെ ആശ്രിതർക്ക് അനുവദിച്ച ധനസഹായ-ത്തിന്റെ തുക വർദ്ധിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് മണലൂർ എം.എൽ.എ മുഖേന വടക്കേപ്പാട്ട് വീട്ടിൽ ശ്രീമതി. മല്ലിക സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ? | (ബി) 1980-ലെ കേരളാ റൂൾസ് ഫോർ പെയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നയാളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകാൻ കഴിയുക. വനത്തിനുള്ളിൽ വച്ചാണ് വന്യജീവിയുടെ ആക്രമണത്താൽ മരണം സംഭവിക്കുന്നതെങ്കിൽ നിലവിൽ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നം.96/2014/വനം തീയതി 17.11.2014 പ്രകാരം 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ കഴിയും. എന്നാൽ പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള ശ്രീ.ബിജു. പാമ്പുകടിയേറ്റ് മരണപ്പെട്ടത് വനത്തിനു പുറത്താകയാൽ നിലവിലെ നിയമങ്ങൾക്കനുസരിച്ച് ഒരു ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകാൻ കഴിയുക. ഈ തുക ടിയാന്റെ ആശ്രിതർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ